10901
30/5/18



**കേരള സർക്കാർ**

നം.സി2/39/2017/ഐ&പിആർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
തിരുവനന്തപുരം, തീയതി 29/05/2018

### *താല്പര്യപത്രം ക്ഷണിക്കുന്നു*

സംസ്ഥാനസർക്കാർ 2 വർഷം പൂർത്തിയാക്കിയ അവസരത്തിൽ സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചും പൊതുജനങ്ങളിൽ കൂടുതൽ അവബോധമുണ്ടാക്കുന്നതിന് സംസ്ഥാനത്തുടനീളം ഒരു മാസക്കാലയളവിലേക്ക് ഹോർഡിംഗുകൾ സ്ഥാപിക്കുന്നതിന് താല്പര്യമുള്ള ഏജൻസികളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. താഴെ പറയുന്ന രേഖകൾ സഹിതമാണ് പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടത്.

1. ഹോർഡിംഗുകളുടെ ലൊക്കേഷനുകളുടെ ഫോട്ടോ സഹിതമുള്ള ലൊക്കേഷൻ വിവരങ്ങൾ (സൈസ് ഉൾപ്പെടെ)

2. ഒരു മാസക്കാലയളവിലേക്കുള്ള വാടക

3. ഒരു ചതുരശ്ര ഫീറ്റിനുള്ള പ്രിന്റിംഗ് ചാർജ്

4. ഒരു ചതുരശ്രഫീറ്റിനുള്ള മൗണ്ടിംഗ് ചാർജ്

സംസ്ഥാനസർക്കാരിന്റെ വിവിധ പൊതു മേഖലാ സ്ഥാപനങ്ങളുമായും വകുപ്പുകളുമായും ചേർന്നാണ് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഹോർഡിംഗുകൾ സ്ഥാപിക്കുന്നത്. നിരക്ക് ഉൾപ്പെടെയുള്ള കാര്യങ്ങൾ വകുപ്പ് നിശ്ചയിക്കുന്നതും തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസിക്കുള്ള പ്രതിഫലം ബന്ധപ്പെട്ട പൊതു മേഖലാ സ്ഥാപനം/വകുപ്പ് നേരിട്ട് അനുവദിച്ച് നൽകുന്നതുമാണ്.

താല്പര്യമുള്ള ഏജൻസികൾ 2018 ജൂൺ 2ന് 3 PM ന് മുമ്പായി പ്രൊപ്പോസലുകൾ ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം1 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

**SUBHASH. T. V IAS**
**Director**
Information And Public Relations Dept.
Govt. Secretariat
Thiruvananthapuram